LIBRARY ARCHIVES Kerala Legislative Assembly

**എൻ. ആർ. എച്ച്. എം.-ന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികൾ**

**9 (2218)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. ന്റെ നിയന്ത്രണത്തിലുള്ള ഏതെല്ലാം ആശുപത്രികൾക്ക് എം.എൽ.എ. ഫണ്ട്, അസറ്റ് ഡെലവപ്മെന്റ് ഫണ്ട്, എന്നിവ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവൃത്തികളും അടിസ്ഥാന സൗകര്യ വികസനവും നടത്തിയിട്ടുണ്ട് ; വിശദമായ പട്ടിക ലഭ്യമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് എൻ.യു.എച്ച്.എം.-ന് കീഴിൽ അല്ലാതെ, നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ആശുപത്രികൾ പ്രവർത്തിക്കുന്നില്ല. എൻ.യു.എച്ച്. എം-ൽ എം.എൽ.എ. ഫണ്ട്, അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് യാതൊരുവിധ നിർമ്മാണ പ്രവൃത്തികളും അടിസ്ഥാനസൗകര്യ വികസനവും നടത്തിയിട്ടില്ല.

**ഭക്ഷണശാലകളിലെ ഭക്ഷ്യഎണ്ണയുടെ പുനരുപയോഗം**

**10 (T2219)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിയോര ഭക്ഷണ-വിശ്രമ ശാലകളുൾപ്പെടെ വ്യാപകമായി ഉപയോഗിച്ച ഭക്ഷ്യഎണ്ണ വീണ്ടും ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാൻസറടക്കം നിരവധി മാരക രോഗങ്ങൾക്ക് കാരണമാകുന്ന ഈ പ്രവർത്തി നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ;

(സി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെകാലത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ ;

(ഡി) ആയതിന്മേൽ എത്ര കേസ്സുകൾക്ക് നാളിതുവരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.